DESPATCHED
On..22/3/22

19/3/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1471(2)/2017**/എസ്.ഐ.സി.തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **10807**/എസ്.ഐ.സി-ജി 6/2017)

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. പി.ജെ ജോൺസൺ,
പുത്തൻപുരയ്ക്കൽ വില്ല,
പുന്നപ്ര (പി.ഒ),
ആലപ്പുഴ – 688 004.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ
& വില്ലേജ് ഓഫീസർ,
വില്ലേജ് ഓഫീസ്,
പുന്നപ്ര, ആലപ്പുഴ.

2. അപ്പീൽ അധികാരി &
അഡീഷണൽ തഹസിൽദാർ,
അമ്പലപ്പുഴ താലൂക്ക് ഓഫീസ്,
ആലപ്പുഴ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 18/04/2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 16/05/2017 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 12/06/2017 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 05/07/2017 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 07/08/2017 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 10/08/2017 |
| ഹിയറിംഗ് നടന്ന തീയതി | 03/03/2022 – ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

<u>ഉത്തരവ്</u>

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. പി.ജെ ജോൺസൺ, 07/08/2017 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 10/08/2017 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No. 1471(2)/2017/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഒന്നാം അപ്പീൽ അധികാരിയുടെ ഉത്തരവ് എസ്.പി.ഐ.ഒ നടപ്പാക്കിയില്ല എന്ന ആക്ഷേപമാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 18/04/2017 തീയതി സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളുടെ പകർപ്പുകൾ ലഭ്യമാക്കണ മെന്നതാണ്:

1. ടി ഓഫീസിലെ 2014-ാംമാണ്ട് സർട്ടിഫിക്കേറ്റ് രജിസ്റ്റർ ബുക്കിന്റെ പേജ് 308, 309 എന്നിവയുടെയും 2016-ാംമാണ്ട് സർട്ടിഫിക്കേറ്റ് രജിസ്റ്റർ ബുക്കിന്റെ പേജ് 106, 107 എന്നിവയുടെയും ഫോട്ടോ കോപ്പി പകർപ്പും
2. 01/09/2014-ൽ 1930/14-ാം നമ്പറായി ടി ഓഫീസിൽ നിന്നും ശ്രീ. കെ.ജി. ജോസഫ്, കറുകപറമ്പിൽ എന്നയാൾക്ക് അനുവദിച്ച സർട്ടിഫിക്കറ്റിന്റെ കോപ്പിയും, ടി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനായി ടിയാൾ സമർപ്പിച്ച അപേക്ഷയുടെയും, ടി അപേക്ഷയോടൊപ്പം സമർപ്പിച്ച മറ്റ് വിവരങ്ങളു ടെയും പകർപ്പുകളും
3. 10/12/2014-ൽ ആന്റണി പുതുവേൽ എന്നയാൾ 1202-ാം നമ്പറായി കൈവശ രേഖ സംബന്ധിച്ച് നൽകിയ സർട്ടിഫിക്കറ്റിന്റെ പകർപ്പും, ടി രേഖ ലഭിക്കു ന്നതിനായി ടിയാൾ സമർപ്പിച്ച അപേക്ഷയുടെയും അപേക്ഷയോടൊപ്പം സമർപ്പിച്ച മറ്റ് വിവരങ്ങളുടെ പകർപ്പുമാണ്.

മേൽപ്പടി അപേക്ഷയിൻമേൽ ഒന്നാം എതിർകക്ഷി 16/05/2017-ന് ഹർജിക്കാരന് മറുപടിയും നൽകിയിട്ടുണ്ട്.

4. 12/06/2017 തീയതി ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിക്ക് 05/07/2017-ന് മറുപടിയും നൽകിയിട്ടുണ്ട്.

5. 18/09/2018 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ 18/04/2017-ൽ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടിയിൽ ആക്ഷേപം ഉന്നയിച്ചുകൊണ്ട് ടി കക്ഷി അപ്പീൽ സമർപ്പിച്ചിരുന്നു വെന്നും, ടി അപേക്ഷയിലെ 3 ചോദ്യങ്ങളിലായി ആവശ്യപ്പെട്ട രേഖകളിൽ ഒന്നാമതായി ആവശ്യപ്പെട്ട രേഖകൾ മാത്രമേ നൽകിയുള്ളൂവെന്നും ആയത് 06/06/2017-ൽ ആണ് ലഭിച്ചതെന്നും കാണിച്ചാണ് അപ്പീൽ സമർപ്പിച്ചതെന്നും, ടി അപ്പീലിൽ തീരുമാനമെടുക്കു ന്നതിന്റെ ഭാഗമായി ഇരു കക്ഷികൾക്കും ബോധിപ്പിക്കുവാനുള്ള കാര്യങ്ങൾ നേരിൽ കേട്ടുവെന്നും ലഭ്യമായ വിവരങ്ങൽ സമയപരിധി കഴിഞ്ഞാണ് ലഭിച്ചതെന്നും ആയതിന് ഫീസ് ഈടാക്കിയെന്നും ആവശ്യപ്പെട്ട എല്ലാ വിവരങ്ങളും ലഭ്യമാക്കണമെന്നും അപേക്ഷകൻ ആവശ്യപ്പെട്ടുവെന്നും വില്ലേജ് ഓഫീസിൽ റിക്കാർഡ് റൂം ഇല്ലാത്തതി നാൽ പഴയ രേഖകൾ ക്രമീകരിച്ചു വച്ചിട്ടില്ലെന്നും ആയതിനാൽ കക്ഷി ആവശ്യപ്പെട്ട രേഖകൾ തെരഞ്ഞു പരിശോധിച്ചെങ്കിലും ലഭിച്ചിട്ടില്ലെന്നും ലഭ്യമാകാത്ത വിവരങ്ങളാണ് നൽകാതിരുന്നതെന്ന് എസ്.പി.ഐ.ഒ ബോധിപ്പിച്ചുവെന്നും രണ്ടാഴ്ച്ചയോളം അവധി യിൽ ആയിരുന്നതും കാലതാമസത്തിനു കാരണമായെന്നും എസ്.പി.ഐ.ഒ ബോധിപ്പി ച്ചുവെന്നും, അപേക്ഷകനിൽ നിന്നും ഈടാക്കിയ ഫീസ് തിരികെ നൽകുവാനും അപേക്ഷകന് നൽകുവാൻ ബാക്കിയുള്ള വിവരങ്ങൾ 15 ദിവസത്തിനകം നൽകുവാനും എസ്.പി.ഐ.ഒ-യ്ക്ക് നിർദ്ദേശം നൽകിക്കൊണ്ട് അപ്പീൽ അപേക്ഷ 05/07/17 പ്രകാരം തീർപ്പാക്കിയിരുന്നുവെന്നും, ടി ഉത്തരവിനെ തുടർന്ന് ഈടാക്കിയ തുക തിരികെ കൈപ്പ റ്റുന്നതിനായി അപേക്ഷകന് അറിയിപ്പ് നൽകിയിരുന്നെങ്കിലും ആയത് കൈപ്പറ്റിയി ല്ലെന്നും ആയതിനാൽ 17/09/2018-ന് ടി തുക മണി ഓർഡർ ആയി അപേക്ഷകന് മടക്കി നൽകിയെന്നും അപേക്ഷകന് ലഭിക്കേണ്ടതായ ബാക്കി രേഖകൾക്കു വേണ്ടി വില്ലേജ് ഓഫീസർ അടക്കമുള്ള ജീവനക്കാർ വിശദമായി തെരച്ചിൽ നടത്തിയെങ്കിലും കണ്ടെത്തുവാൻ സാധിച്ചില്ലെന്നും ടി വിവരം കാണിച്ച് അപേക്ഷകന് മറുപടി അയ ച്ചതായി എസ്.പി.ഐ.ഒ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും, വില്ലേജ് ഓഫീസിൽ റിക്കാർഡ് റൂം ഇല്ലാത്തതിനാൽ പഴയ രേഖകൾ കൃത്യമായും ക്രമീകരിച്ചും സൂക്ഷിക്കുന്നതിന് പലപ്പോഴും ബുദ്ധിമുട്ടുള്ള സാഹചര്യമാണെന്നും എങ്കിലും അപേക്ഷകൻ ആവശ്യപ്പെട്ട രേഖകൾ കണ്ടെത്തുവാൻ പരിശ്രമിച്ചെങ്കിലും ആയത് കണ്ടെത്തുവാൻ സാധിച്ചിട്ടില്ലെന്നും, ആയതിനാലാണ് 05/07/2017 തീയതിയിലുള്ള ഉത്തരവിനെ തുടർന്നും രേഖകൾ നൽകുവാൻ കഴിയാതെ വന്നതെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും റിപ്പോർട്ടും പരിശോധിച്ചതിലും ഇരുകക്ഷികളെ കേട്ടതിലും രണ്ടാമത്തെ ചോദ്യത്തിനുള്ള മറുപടി ഹർജിക്കാരന് കൃത്യമായി നൽകാൻ കഴിഞ്ഞിട്ടില്ലെന്നു കമ്മീഷനു ബോധ്യമാകുന്നു. ആകയാൽ ഓഫീസ് ഉത്തരവ് മുഖേന ഒരു പ്രത്യേക ടീം രൂപീകരിച്ച് 15 ദിവസത്തിനകം ഫയൽ തിരഞ്ഞ് കണ്ടെത്തി ഹർജിക്കാരന് വിവരം നൽകണമെന്നും കൂടാതെ അപ്പീൽ അധികാരിയുടെ ഉത്തരവ് നടപ്പിലാക്കിയിട്ടില്ലെന്നും കമ്മീഷൻ നിരീക്ഷിക്കുന്നു. ഇപ്രകാരം വീഴ്ച്ച വരുത്തിയ എസ്.പി.ഐ.ഒ-യെ കമ്മീഷൻ ശക്തമായി താക്കീതു ചെയ്യുന്നു.

7. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 മാർച്ച് 19-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

AV